(ഡി) സ്കെയിലുകളും മറ്റും പരിശോധിച്ച് മുദ്രവയ്ക്കുന്നതിന് മൊബൈൽ ലബോറട്ടറി സ്ഥാപിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) അളവുതൂക്ക ഉപകരണങ്ങളിലെ കൃത്രിമവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഇക്കാര്യം പരിശോധനയിലാണ്.

(ബി) പരിശോധനാഫീസ് നിശ്ചയിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ഇത് വളരെയധികം സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നകാര്യം പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തികസ്ഥിതിക്കനുസൃതമായി തീരുമാനമെടുക്കുന്നതാണ്.

(ഇ) 1998-99-ൽ 11585 കേസുകളും 1999-2000 ഫെബ്രുവരി മാസം വരെ 13189 കേസുകളും കണ്ടുപിടിച്ചിട്ടുണ്ട്.

മുനിസിപ്പൽ ഭരണം കാര്യക്ഷമമാക്കാൻ നടപടി

67 (3155)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പൽ ഭരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പല മുനിസിപ്പാലിറ്റികളിലും ക്രമാതീതമായ കുടിശ്ശിക നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്)നഗരങ്ങളിലെ ശുചിത്വനിലവാരം പരിശോധിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ജി) ഇവ അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുനിസിപ്പൽ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കോർപ്പറേഷനുകളിലെ മേയർമാർ, സെക്രട്ടറിമാർ, കോർപ്പറേഷനുകളിലെ വിവിധ വകുപ്പുതലവൻമാർ എന്നിവരുടെ യോഗവും സംസ്ഥാനത്തെ മേഖലാ മുനിസിപ്പൽ ഭരണ ഡയറക്ടർമാരുടെ കീഴിൽ വരുന്ന മുനിസിപ്പാലിറ്റികളിലെ ചെയർമാൻമാരുടെയും, സെക്രട്ടറിമാരുടേയും യോഗങ്ങളും സർക്കാർതല ത്തിൽ വിളിച്ചു ചേർത്തിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ മുനിസിപ്പൽ ഭരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ബന്ധപ്പെട്ട വർക്ക് നൽകുകയുണ്ടായി. ഇത്തരം യോഗങ്ങൾ കാലാകാലങ്ങളിൽ കൂട്ടുവാ നാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) മാസാന്ത്യ കണക്കുകളും, ഡി.സി.ബി. സ്റ്റേറ്റുമെന്റുകളും നഗര സഭകൾ യഥാസമയം തയ്യാറാക്കി ആഡിറ്റിനു വിധേയമാക്കാതിരിക്കുന്നതാണ് ഇതിനുള്ള പ്രധാന കാരണം.

(ഇ) കുടിശ്ശിക വരുത്തിയിട്ടുള്ള മാസാന്ത്യ കണക്കുകളും ഡി.സി. ബി. സ്റ്റേറ്റുമെന്റുകളും മാർച്ച് 31, 2000-നു മുമ്പ് ഓഡിറ്റിന് വിധേയമാക്കാൻ എല്ലാ നഗരസഭാ സ്ഥാപനങ്ങൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നഗരസഭകൾ സത്വര നടപടി കൾ സ്വീകരിച്ചു വരുന്നുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യ ത്തിലും ഊർജ്ജിതനടപടികൾ സ്വീകരിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുനിസിപ്പാലിറ്റികളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന ഫയ ലുകൾ അടിയന്തിരമായി തീർപ്പുകൽപിക്കുന്നതിന് മുനിസിപ്പൽ ചെയർമാൻ, കൗൺസിലർമാർ, സെക്രട്ടറി എന്നിവർ കൂട്ടായി അദാലത്ത് നടത്തി ഫയൽ വേഗം തീർപ്പു കൽപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്)നഗര ശുചീകരണ പ്രവർത്തനം നഗരസഭകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യങ്ങളിൽ ഒന്നാണ്. ഇതിലേയ്ക്കായി എല്ലാ നഗരസഭ കളിലും ഹെൽത്ത് ഓഫീസർ/ ഹെൽത്ത്സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ, മേധാവികളായിട്ടുള്ള ആരോഗ്യവിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ശുചീകരണ തൊഴിലാളികളും പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ സേവനങ്ങൾ പ്രയോജനപ്പെ ടുത്തിയാണ് നഗരസഭകൾ ശുചീകരണരംഗത്തെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിനു പുറമേ ആഹാര പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിലുള്ള സംവിധാനവും നഗര സഭകൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ഹെൽത്ത് വിഭാഗം മേധാവിയുടെ മേൽനോട്ടത്തിൽ എല്ലാ നഗരസഭകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീ കരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

അനധികൃത മൃഗകശാപ്പു തടയുന്നതിനു വേണ്ടി ആവശ്യമായ പോലീസ് സംരക്ഷണം നൽകുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടു മാർക്കും കമ്മിഷണർമാർക്കും നിർദ്ദേശം നൽകുകയും ജോയിന്റ് ഡയറ ക്ടർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മാസാമാസം പരിശോധനാ റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചുതരുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly

(ജി)&(എച്ച്)ഇക്കാര്യത്തിൽ നഗരസഭകൾ അവയുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പ്രവർത്തനം നടത്തുന്നുണ്ട്.

വാടക നിയന്ത്രണ നിയമം

68 (3156)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക നിയന്ത്രണ നിയമത്തിലെ ഏതെല്ലാം വകുപ്പുകളാണ് കേരള ഹൈക്കോടതി റദ്ദ് ചെയ്തത്;

(ബി) ഇതിന്റെ ഫലമായി ചെറുകിട വ്യാപാരികൾ ഒഴിപ്പിക്കൽ ഭീഷണിയെ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിയമ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 1958-ൽ നിലവിൽവന്ന വാടക നിയന്ത്രണ നിയമം എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ഇ) ബാക്കി പഞ്ചായത്തുകളിൽ ഇതു നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്)എന്നത്തേക്ക് ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സെക്ഷൻ 5,6,8

(ബി)-(ഡി)വിശദവിവരങ്ങൾ ഭവന നിർമ്മാണ വകുപ്പിൽ നിന്നും റവന്യൂ കമ്മിഷണറേറ്റിൽ നിന്നും ശേഖരിച്ചു വരുന്നു.

(ഇ)&(എഫ്)ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് പ്രസ്തുത നിയമം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിംഗിനായി ഫയലുകൾ നൽകുന്നില്ല എന്ന പരാതി

69 (3157)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിംഗിനായി ഫയലുകളും മറ്റ് ആവശ്യമായ രേഖകളും നൽകുന്നില്ലായെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റോ അക്കൗണ്ടന്റ് ജനറലോ സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയാണ് പരാതി നൽകിയത്;

(സി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly